സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ഏപ്രിൽ 24 തിങ്കൾ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## പ്രധാനമന്ത്രിയുടെ ദ്വിദിന സന്ദർശനം; കൊച്ചി നഗരം ശക്തമായ സുരക്ഷാ വലയത്തിൽ



കൊച്ചി: പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കേരളത്തിലെത്തും. വൈകീട്ട് അഞ്ചിനാണ് പ്രധാനമന്ത്രി കൊച്ചി നാവികവിമാനത്താവളത്തിൽ ഇറങ്ങുക. തുടർന്ന് പ്രധാനമന്ത്രി യുവമോർച്ച സംഘടിപ്പിക്കുന്ന റോഡ് ഷോയിലും യുവം പരിപാടിയിലും പങ്കെടുക്കും. 1.8 കിലോ മീറ്റർ ദൂരത്തിലുള്ള റോഡ് ഷോയുടെ റോഡിനിരുവശവും ബാരിക്കേഡ് കെട്ടി ആളുകളെ നിയന്ത്രിക്കും. പതിനയ്യായിരം പേരെങ്കിലും റോഡ് ഷോ കാണാൻ എത്തുമെന്നാണ് കരുതുന്നത്.

പിന്നീട് തേവര എസ്.എച്ച് കോളജിൽ എത്തുന്ന പ്രധാനമന്ത്രി യുവം പരിപാടി ഉദ്ഘാടനം ചെയ്യും. തുടർന്ന് വിവിധ തൊഴിൽ മേഖലകളിലെ യുവാക്കളുമായി മുഖാമുഖം. കേരളത്തിന്റെ വികസനത്തിന് യുവസമൂഹം എന്താഗ്രഹിക്കുന്നു എന്നതാണ് വിഷയം. ഇതിന് ശേഷമാണ് വൈകിട്ട് ഏഴ് മണിക്ക് കർദിനാൾമാരടക്കം ക്രൈസ്തവ മേലധ്യക്ഷൻമാരുമായുള്ള കൂടിക്കാഴ്ച. പ്രധാനമന്ത്രിയുടെ സന്ദർശനാർത്ഥം 2600 പോലിസുകാരെയാണ് സുരക്ഷയുടെ ഭാഗമായി നഗരത്തിലെങ്ങും വിന്യസിച്ചിരിക്കുന്നത്.

രാവിലെ മുതൽ നഗരത്തിൽ, പ്രത്യേകിച്ച് തേവര ഭാഗത്ത് ഗതാഗത ക്രമീകരണവുമുണ്ട്. നാളെ രാവിലെ കൊച്ചിയിൽ നിന്ന് തിരുവനന്തപുരത്തേക്ക് പോകുന്ന പ്രധാനമന്ത്രി അവിടെയെത്തി വന്ദേ ഭാരത് ട്രെയിനും കൊച്ചി വാട്ടർ മെട്രോയും അടക്കം വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കും. നേരത്തെ 25നായിരുന്നു പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കേരള സന്ദർശനത്തിന് അറിയിപ്പെങ്കിലും കർണാടക തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഒരു ദിവസം നേരത്തെയാക്കുകയായിരുന്നു കേരള സന്ദർശനം.

## ബംഗളൂരു–മൈസൂരു എക്സ്പ്രസ് വേ കൊലക്കളമാകുന്നു; അപകടങ്ങൾ പതിവ്



ബംഗളൂരു: പത്തുവരി പാതയായ ബംഗളൂരു-മൈസൂരു എക്സ്പ്രസ് വേ കൊലക്കളമാകുന്നു. കഴിഞ്ഞ ആറ് മാസത്തിനിടെ 335 അപകടങ്ങളിലായി 84 പേർക്കാണ് ജീവൻ നഷ്ടമായത്. കനത്ത ചൂടിൽ വാഹനങ്ങളുടെ ടയർ പൊട്ടിത്തെറിക്കുന്നതാണ് അപകം വർധിക്കുന്നതിന് കാരണമെന്ന് എൻ.എച്ച്. എ വ്യക്തമാക്കുന്നു. എക്സ്പ്രസ് വേയിൽ ലെയ്ൻ തെറ്റിച്ച് ബസോടിക്കുന്ന ഡ്രൈവർമാർക്കെതിരേ നടപടി സ്വീകരിക്കുമെന്ന് കർണാടക ആർ.ടി.സിയും കഴിഞ്ഞ ദിവസം വ്യക്തമാക്കിയിട്ടുണ്ട്. 335 അപകടങ്ങളിൽ 110 അപകടങ്ങൾ ബെംഗളൂരു കുമ്പൽഗോഡ് മുതൽ മണ്ഡ്യ നിദ്ദഘട്ട വരെയുള്ള റീച്ചിലാണ് നടന്നിരിക്കുന്നത്. 118 കിലോമീറ്റർ ദൂരം വരുന്ന ബെംഗളൂരു- മൈസൂരു എക്സ്പ്രസ് വേ പാതയിൽ 16 സ്ഥിരം അപകട മേഖലകളാണ് ദേശീയപാത അതോറിറ്റി കണ്ടെത്തിയിരിക്കുന്നത്. സിഗ്നലുകളും ജംഗ്ഷനുകളും ഇല്ലാത്ത അതിവേഗ പാതയിൽ 80-100 കിലോമീറ്റർ വേഗമാണ് നിശ്ചയിച്ചിരിക്കുന്നത്. ബിഡദി, രാമനഗര, ബൈപ്പാസുകളിലാണ് കൂടുതൽ അപകടങ്ങൾ ഉണ്ടായിരിക്കുന്നത്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന നിദ്ദഘട്ട മുതൽ മൈസൂരു വരെയുള്ള ഭാഗത്ത് 77 അപകടങ്ങളിലായി 28 പേർ മരിച്ചു. കഴിഞ്ഞ ദിവസം ചന്നപട്ടണയ്ക്ക് സമീപം കാർ നിയന്ത്രണം വിട്ട് മീഡിയനിലിടിച്ച് മറിഞ്ഞ് കുടുംബത്തിലെ 5 പേർ മരിച്ചിരുന്നു. അമിതവേഗതയിലെത്തിയ കാർ മീഡിയനിലിടിച്ച് എതിർദിശയിലെ റോഡിലേക്ക് മറിഞ്ഞതോടെ മറ്റൊരു കാർ വന്നിടിക്കുകയായിരുന്നു. കാറുകൾ ഉൾപ്പെടെ 100 കിലോമീറ്റർ പരിധി കടന്ന് പോകുന്നതും ആറ് വരി പ്രധാന പാതയിൽ സിഗ്നൽ നൽകാതെ ലെയ്നുകൾ മാറുന്നതുമാണ് കൂടുതൽ അപകടങ്ങൾക്ക് ഇടയാക്കുന്നത്. തിരക്കേറിയ ജംഗ്ഷനുകളിലെ ഗതാഗതകുരുക്ക് ഒഴിവാക്കാൻ ബിഡദി, രാമനഗര, ചന്നപട്ടണ, മദ്ദൂർ, മണ്ഡ്യ, ശ്രീരംഗപട്ടണ എന്നിവിടങ്ങളിൽ നിർമിച്ച ബൈപ്പാസ് റോഡുകളിലാണ് അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നത്. 8172 കോടിരൂപ ചെലവഴിച്ച് നിർമ്മിച്ച റോഡിൽ ഇരുനഗരങ്ങൾ തമ്മിലുള്ള യാത്രാ സമയം ഒന്നരമണിക്കൂറിൽ താഴെയായി ചുരുങ്ങിയെങ്കിലും അപകടങ്ങൾ വർധിക്കുന്നത് യാത്രക്കാരെ ആശങ്കയിൽ ആഴ്ത്തിയിട്ടുണ്ട്.

# അമൃത്പാൽ ദിബ്രുഗഢ് ജയിലിൽ

## കേന്ദ്ര രഹസ്യാന്വേഷണ ഏജൻസിയും റോയും ചോദ്യം ചെയ്യും



അമൃത്പാൽ സിംഗിനെ ദിബ്രുഗഢ് ജയിലിൽ കൊണ്ടുവന്നപ്പോൾ

ന്യൂഡൽഹി: അറസ്റ്റിലായ ഖലിസ്ഥാൻ അനുകൂലിയും വാരിസ് പഞ്ചാബ് ദേ തലവനുമായ അമൃത്പാൽ സിംഗിനെ കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികൾ ചോദ്യം ചെയ്യും. ഞായറാഴ്ച പഞ്ചാബ് പോലിസിന് കീഴടങ്ങിയ അമൃത്പാലിനെ മണിക്കൂറുകൾക്കകം തന്നെ അസമിലെ അതീവ സുരക്ഷയുള്ള ദിബ്രുഗഢ് ജയിലിലേക്ക് മാറ്റുകയായിരുന്നു. വടക്കുകിഴക്കൻ മേഖലയിലെ ഏറ്റവും പഴക്കമേറിയതും അതീവ സുരക്ഷിതവുമായ ജയിലുകളിലൊന്നാണ് ഇത്. അസമിലെ ജയിലിലെ സെല്ലിൽ ഒറ്റയ്ക്കാണ് അമൃത്പാൽ സിംഗിനെ പാർപ്പിച്ചിരിക്കുന്നത്. സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരേ കർശന നടപടിയുണ്ടാകുമെന്ന് പഞ്ചാബ് മുഖ്യമന്ത്രി ആവർത്തിച്ചു. അസം പോലിസിലെ കമാൻഡോകളെടയടക്കം വിന്യസിച്ച് ജയിലിനുള്ള സുരക്ഷ കൂട്ടി. ജയിലിൽ പ്രത്യേക നിരീക്ഷണം ഉറപ്പാക്കി ഒറ്റയ്ക്കാണ് അമൃത്പാലിനെ പാർപ്പിച്ചിരിക്കുന്നത്. പഞ്ചാബ് പോലിസും കേന്ദ്ര രഹസ്യാന്വേഷണ ഏജൻസിയും റോയും ജയിലിൽ അമൃത്പാലിനെ ചോദ്യം ചെയ്യും. ലണ്ടനിലെ ഇന്ത്യൻ എംബസി അക്രമം അന്വേഷിക്കുന്ന എൻ.ഐ.എയുടെ സംഘവും അസമിലേക്ക് പോകും.പപ്പൽപ്രീത് അടക്കുള്ള അമൃത്പാലിന്റെ ഒമ്പത് അനുയായികളും ഇതേ ജയിലിലാണുള്ളത്. ഇവരുടെ വിദേശ ബന്ധങ്ങളെ കുറിച്ചും സാമ്പത്തിക ഇടപാടിനെ കുറിച്ചും ഏജൻസികൾ നേരത്തെ അന്വേഷണം തുടങ്ങിയിരുന്നു. നേരത്തെ അമൃത്പാലിനെതിരേ പോലിസ് നടപടി തുടങ്ങിയതിന് പിന്നാലെയാണ് വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ ഖലിസ്ഥാൻ വാദികൾ ആക്രമം നടത്തിയത്. അമൃത്പാലിന് ഇസ്ലാമിക് സ്റ്റേറ്റുമായി ബന്ധമുണ്ടെന്ന ആരോപണവും പരിശോധിക്കുന്നുണ്ട്. അറസ്റ്റിന്റെ പശ്ചാത്തലത്തിൽ പഞ്ചാബിൽ കനത്ത ജാഗ്രത തുടരുകയാണ്. പഞ്ചാബിൽ അറസ്റ്റിലായ അമൃത്പാലിനേയും സഹായികളേയും അസമിലേക്ക് മാറ്റിയതിന് പിന്നിലെ കാരണം പുറത്തു വിട്ടിട്ടില്ലെങ്കിലും ചില വൃത്തങ്ങൾ സൂചിപ്പിക്കുന്നത്, ഉത്തരേന്ത്യൻ ജയിലുകളിൽ അമൃത്പാലുമായോ വിഘടനവാദ പ്രസ്ഥാനവുമായോ ബന്ധമുള്ള ഗുണ്ടാസംഘങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണെന്നാണ്. കൂടാതെ ദിബ്രുഗഢ് സെൻട്രൽ ജയിൽ സംസ്ഥാനത്തെ ഏറ്റവും സുരക്ഷിതമായ ജയിലാണെന്ന വസ്തുത.

മറ്റൊന്ന് പ്രതികൾ തടവുകാരുമായും ജീവനക്കാരുമായും ബന്ധപ്പെടുന്നതിന് ഭാഷ ഒരു തടസ്സമാകുമെന്നതുമാണ്. 1860-ൽ ബ്രിട്ടീഷുകാർ പണികഴിപ്പിച്ച ഈ ജയിലിൽ 680 തടവുകാരാണ് ഉള്ളതെന്ന് അസം സർക്കാർ പുറത്തുവിട്ട രേഖകളിൽ പറയുന്നു. അസമിൽ ഉൾഫ തീവ്രവാദം രൂക്ഷമായ സമയത്ത് ജയിലിൽ ഉയർന്ന നിലവാരത്തിലുള്ള സജ്ജീകരണങ്ങൾ ചെയ്ത് തീവ്രവാദികളെ പാർപ്പിക്കാൻ ഉപയോഗിച്ചിരുന്നുവെന്നാണ് വിവരം.

## ബസവേശ്വരന്റെ ആശയങ്ങൾ കാവി പാർട്ടി പിന്തുടരുന്നില്ല; ബി.ജെ.പിക്കെതിരെ രാഹുൽ ഗാന്ധി



കർണാടകയിലെ ബഗൽക്കോട്ടിലെ സംഘമാനത അമ്പലത്തിലെത്തിയ രാഹുൽഗാന്ധിയും സംഘവും

ബംഗളൂരു: സാമൂഹ്യപരിഷ്കർത്താവായ ബസവേശ്വരന്റെ ആശയങ്ങൾക്ക് വിരുദ്ധമായാണ് കാവി പാർട്ടി പ്രവർത്തിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ബി.ജെ.പി നേതാക്കൾ പ്രസംഗത്തിൽ മാത്രമാണ് ബസവേശ്വരനെക്കുറിച്ച് സംസാരിക്കുന്നതെന്നും അദ്ദേഹത്തിന്റെ ആശയങ്ങൾ പിന്തുടരുന്നില്ലെന്നും രാഹുൽ ഗാന്ധി ആരോപിച്ചു. വിജയപുരയിൽ ബസവ ജയന്തിയോട് അനുബന്ധിച്ച് നടന്ന റോഡ് ഷോയ്ക്ക് ശേഷം റാലിയെ അഭിസംബോധന ചെയ്യുമ്പോഴാണ് അദ്ദേഹം ബി.ജെ.പിക്കെതിരെ രൂക്ഷവിമർശനം ഉയർത്തിയത്.കർണാടകയിൽ കോൺഗ്രസ് അധികാരത്തിൽ വന്നാൽ ദരിദ്രരായ ജനങ്ങൾക്കൊപ്പം നിൽക്കുമെന്ന് രാഹുൽ പറഞ്ഞു. സമൂഹത്തെ ഒന്നിപ്പിക്കുന്ന ബസവേശ്വരന്റെ തത്വങ്ങളിലും പ്രത്യയശാസ്ത്രത്തിലും കോൺഗ്രസ് വിശ്വസിക്കുമ്പോൾ ബി.ജെ.പിയും ആർ.എസ്എസും ഭിന്നിപ്പിക്കലിലാണ് വിശ്വസിക്കുന്നതെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. രാഷ്ട്രത്തിന്റെ സമ്പത്ത് ആവശ്യക്കാർക്ക് വീതിച്ച് നൽകുക എന്നത് ബസവേശ്വരന്റെ പ്രധാന തത്വങ്ങളിലൊന്നാണ്. ബി.ജെ.പി രാജ്യത്തിന്റെ സമ്പത്ത് അദാനിയെ പോലുള്ള കോർപറേറ്റുകൾക്ക് വിതരണം ചെയ്യുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

താൻ ബസവേശ്വരനെക്കുറിച്ച് വായിക്കാനും പഠിക്കാനും ശ്രമിച്ചിട്ടുണ്ടെന്നും എന്നാൽ ദേശീയ സമ്പത്ത് കുറച്ച് പണക്കാർക്ക് മാത്രമേ നൽകാവൂ എന്ന് അദ്ദേഹം എവിടെയും പറഞ്ഞതായി കണ്ടില്ലെന്നും രാഹുൽ പറഞ്ഞു. 'പൊതുജനങ്ങളുടെ പണം കമ്മീഷനായി കൈപ്പറ്റാമെന്ന് ബസവേശ്വരൻ എവിടെയും പറഞ്ഞിട്ടില്ല. എന്നാൽ കോൺട്രാക്ടർമാരുടെ പക്കൽ നിന്നും ബി.ജെ.പി കൈപ്പറ്റുന്നത് 40 ശതമാനം കമ്മീഷനാണ്. അഴിമതിക്കാരാണ് ഇപ്പോൾ ഇന്ത്യ ഭരിക്കുന്നത്. കോൺട്രാക്ടർമാരിൽ നിന്ന് വാങ്ങുന്ന കമ്മീഷനെതിരെ അവർ പ്രധാന മന്ത്രിക്ക് കത്തെഴുതിയിരുന്നു. എന്നാൽ അതിനോട് അദ്ദേഹം പ്രതികരിച്ചില്ല. ഇനി പ്രതികരിക്കുകയുമില്ല', പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ബി.ജെ.പി അദാനിയെ ഏൽപ്പിക്കുകയാണെന്നും രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി. 40% കമ്മീഷൻ വാങ്ങി എം.എൽ.എമാരെ വാങ്ങാനും കോൺഗ്രസ് സർക്കാരിനെ താഴെയിറക്കാനുമാണ് ബി. ജെ.പി ശ്രമിക്കുന്നത്. നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി വിജയിക്കില്ല. 150 സീറ്റുകൾ നേടി കോൺഗ്രസ് കർണാടകയിൽ സർക്കാർ രൂപീകരിക്കും. അതിനാൽ ഞങ്ങളുടെ എം.എൽ.എമാരെ ബി.ജെ.പിക്ക് വാങ്ങാനാകില്ല. 40% കമ്മീഷൻ വാങ്ങുന്ന ബി.ജെ.പിക്ക് വരുന്ന തിരഞ്ഞെടുപ്പിൽ 40 സീറ്റുകൾ മാത്രമേ ലഭിക്കൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതിന് പുറമെ ഓരോ സമുദായത്തിന്റെയും ജനസംഖ്യയുടെ അടിസ്ഥാനത്തിലായിരിക്കണം സംവരണം നൽകേണ്ടതെന്നും രാഹുൽ പറഞ്ഞു.

# മധ്യപ്രദേശിൽ ഗർഭപരിശോധന നടത്തി 'മുഖ്യമന്ത്രി കന്യാദാൻ യോജന': വിവാദം പുകയുന്നു



മുഖ്യമന്ത്രി കന്യാദാൻ യോജനയിലൂടെ വിവാഹിതരാകുന്നവരോടൊപ്പം മധ്യപ്രദേശ് മുഖ്യമന്ത്രി ശിവ്‌രാജ് സിംഗ് ചൗഹാൻ (ഫയൽ ചിത്രം)

ഭോപ്പാൽ: മധ്യപ്രദേശിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കായുള്ള മുഖ്യമന്ത്രി കന്യാദാൻ യോജന വിവാഹ പദ്ധതിയിൽ വിവാദം പുകയുന്നു. യോഗ്യത നിശ്ചയിക്കാൻ വധുക്കളിൽ ചിലരെ ഗർഭ പരിശോധനയ്ക്ക് വിധേയരാക്കിയതാണ് വിവാദത്തിലായിരിക്കുന്നത്. ഗർഭിണികളാണെന്ന് പരിശോധനയിൽ തെളിഞ്ഞതിനെത്തുടർന്ന് 219 പേരിൽ അഞ്ച് പേരുടെ വിവാഹം ശനിയാഴ്ച നടന്നിരുന്നില്ല. യുവതികളെ ഗർഭപരിശോധനയ്ക്ക് വിധേയരാക്കുന്നത് നീതികേടാണെന്ന് ആരോപിച്ച് വലിയ രാഷ്ട്രീയവിവാദമാണ് മധ്യപ്രദേശിൽ നടക്കുന്നത്. ബി.ജെ.പി നേതൃത്വത്തിലുള്ള സർക്കാരിന്റെ നടപടിയെ രൂക്ഷമായി വിമർശിച്ച് രംഗത്തെത്തിയ കോൺഗ്രസ് പെൺമക്കളുടെ അഭിമാനത്തെ സർക്കാർ ചോദ്യം ചെയ്യുകയാണെന്ന് ആരോപിച്ചു.മുഖ്യമന്ത്രി കന്യാ വിവാഹ്/ നിക്കാഹ് യോജന പദ്ധതി പ്രകാരം ഗദ്സരായിയിലാണ് ശനിയാഴ്ച സമൂഹവിവാഹം നടന്നത്. ധനസഹായത്തിന് അപേക്ഷിച്ച സ്ത്രീകളെ മെഡിക്കൽ പരിശോധന നടത്തുകയും ഇതിൽ പ്രെഗ്നൻസി പോസിറ്റീവ് എന്ന് കണ്ടെത്തിയവരെ ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. ദളിത്, പിന്നോക്ക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളിൽ നിന്ന് 219 അപേക്ഷകളായിരുന്നു ലഭിച്ചത്. എന്നാൽ അപേക്ഷ നൽകി നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് സമൂഹവിവാഹ ചടങ്ങിൽ താലി ചാർത്താനെത്തിയ അഞ്ചു യുവതികളെ പട്ടികയിൽ നിന്ന് അധികൃതർ നീക്കം ചെയ്യുകയായിരുന്നു. ഗർഭ പരിശോധനയിൽ പോസിറ്റീവ് ആണെന്ന് കാണിച്ചാണ് ഇവരെ നീക്കംചെയ്തത്. വിവാഹത്തിന് മുമ്പ് തന്നെ പങ്കാളിക്കൊപ്പം ജീവിക്കാൻ തുടങ്ങിയിരുന്നെന്നാണ് ഗർഭപരിശോധനാ ഫലം പോസിറ്റീവായ ഒരു യുവതി പ്രതികരിച്ചത്. ഞാൻ ഗർഭിണിയാണെന്ന് പരിശോധനാഫലം വന്നു. അതുകൊണ്ടുതന്നെയാണ് വിവാഹിതരാകാനുള്ളവരുടെ പട്ടികയിൽ നിന്ന് എന്റെ പേര് ഒഴിവാക്കിയതെന്ന് എനിക്കറിയാം. കാരണമൊന്നും പറയാതെയാണ് അധികൃതർ ഇങ്ങനെ ചെയ്തത്. യുവതി പറയുന്നു. ഇങ്ങനെയുള്ള പരിശോധനയൊന്നും മുമ്പ് നടത്തിയിരുന്നില്ലെന്ന് ഗ്രാമമുഖ്യൻ പറയുന്നു. ഇത് പെൺകുട്ടികളെ അപമാനിക്കലാണ്. ഈ പെൺകുട്ടികളൊക്കെ ഇപ്പോൾ കുടുംബത്തിനു മുന്നിൽ തെറ്റുകാരായില്ലേ എന്നും അദ്ദേഹം ചോദിക്കുന്നു. പ്രായം ഉറപ്പാക്കുന്നതിനും സിക്കിൾ സെൽ അനീമിയ പോലെയുള്ള രോഗങ്ങൾ ഇല്ലെന്ന് ഉറപ്പാക്കാനുമാണ് പരിശോധനകൾ നടത്താറുള്ളതെന്ന് സ്ഥലത്തെ ചീഫ് മെഡിക്കൽ ഓഫീസർ രമേശ് മറാവി പറയുന്നു.

മേലുദ്യോഗസ്ഥരുടെ നിർദേശപ്രകാരമാണ് സംശയമുള്ള ചില യുവതികളെ ഗർഭപരിശോധനയ്ക്ക് വിധേയരാക്കിയത്. പരിശോധനയ്ക്ക് വിധേയരാക്കുകയും ഫലം പുറത്തുവിടുകയും മാത്രമാണ് തങ്ങൾ ചെയ്തത്. ആരോഗ്യ വകുപ്പ് നിർദേശപ്രകാരം ഈ യുവതികളെ വിവാഹത്തിൽ നിന്ന് ഒഴിവാക്കിയത് സാമൂഹ്യക്ഷേമ വകുപ്പാണെന്നും ചീഫ് മെഡിക്കൽ ഓഫീസർ പറയുന്നു. പ്രാദേശിക ഭരണകൂടവും സംസ്ഥാന സർക്കാരും യുവതികളെ അപമാനിക്കുകയാണ് ചെയ്തതെന്ന് കോൺഗ്രസ് ആരോപിച്ചു. എനിക്കറിയണം ഇത് സത്യമാണോയെന്ന്.

അക്കാര്യത്തിൽ മുഖ്യമന്ത്രി മറുപടി തരണം. സത്യമാണെങ്കിൽ, മധ്യപ്രദേശിലെ പുത്രിമാരോട് ഇത്തരമൊരു നീതികേട് കാട്ടിയതാരാണെന്ന് വ്യക്തമാക്കണം. പാവപ്പെട്ട കുടുംബങ്ങളിലെയും ഗോത്രവിഭാഗങ്ങളിലെയും യുവതികൾക്ക് മുഖ്യമന്ത്രിയുടെ കണ്ണിൽ ഒരു വിലയുമില്ലെന്നാണോ, ശിവ്‌രാജ് സിംഗ് ചൗഹാൻ സർക്കാർ സ്ത്രീകളോട് മോശമായി പെരുമാറുന്ന കാര്യത്തിൽ മുൻപന്തിയിലാണ്. ഈ വിഷയത്തിൽ ഒരു ഉന്നതതല അന്വേഷണം നടത്തിയേ തീരു. കോൺഗ്രസ് നേതാവ് കമൽ നാഥ് ട്വീറ്റ് ചെയ്തു.



# അതിദരിദ്രരില്ലാത്ത കേരളം യാഥാർത്ഥ്യമാകുന്നു

## മൈക്രോപ്ലാൻ രൂപീകരണത്തിന്റെയും അവകാശം അതിവേഗം പദ്ധതിയുടെയും പൂർത്തീകരണം

### അതിദാരിദ്ര്യ നിർമ്മാർജനം

## സംസ്ഥാനതല പ്രഖ്യാപനം

ഏപ്രിൽ 24 | തിങ്കളാഴ്ച വൈകുന്നേരം 3.30 ന് | പത്തനംതിട്ട ജില്ലാ സ്റ്റേഡിയം

**പിണറായി വിജയൻ**
മുഖ്യമന്ത്രി

അദ്ധ്യക്ഷൻ
**എം. ബി രാജേഷ്**
തദ്ദേശ സ്വയംഭരണം
എക്സൈസ് വകുപ്പ് മന്ത്രി

അതിദരിദ്ര വിഭാഗങ്ങൾക്കുള്ള റേഷൻ കാർഡ് വിതരണം
**ജി. ആർ അനിൽ**
ഭക്ഷ്യ പൊതു വിതരണ ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി

ആരോഗ്യ ഇൻഷുറൻസ് കാർഡ് വിതരണം
**വീണാ ജോർജ്ജ്**
ആരോഗ്യം, വനിതാ, ശിശു വികസന വകുപ്പ് മന്ത്രി

തൊഴിൽ കാർഡ് വിതരണം
**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ

### 'അവകാശം അതിവേഗം'
ഓരോ കുടുംബത്തിനും അർഹതപ്പെട്ട രേഖകൾ

- **2553** കുടുംബങ്ങൾക്ക് റേഷൻ കാർഡ്
- **3125** പേർക്ക് ആധാർ കാർഡ്
- **887** പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ
- **1281** പേർക്ക് ആരോഗ്യ ഇൻഷുറൻസ്
- **1174** പേർക്ക് തൊഴിലുറപ്പ് കാർഡ്
- **193** പേർക്ക് ഭിന്നശേഷി തിരിച്ചറിയൽ കാർഡ്



ജനകീയവും ശാസ്ത്രീയവുമായ നിർണയ പ്രക്രിയ
**64,006** അതി ദരിദ്ര കുടുംബങ്ങൾ
**1,03,099** അംഗങ്ങൾ

**ഭക്ഷണം/ഭക്ഷ്യ കിറ്റ്/ റേഷൻ/ ആരോഗ്യ പരിരക്ഷ വാതിൽപ്പടിയിൽ**

**22054** പേർക്ക് ഇതിനകം ആശുപത്രി സേവനങ്ങൾ
**11,340** കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിക്കാൻ നടപടി

### മൈക്രോ പ്ലാനുകൾ

| 77555 | 36269 | 153624 |
|---|---|---|
| അടിയന്തിര പദ്ധതികൾ | ഹ്രസ്വകാല പദ്ധതികൾ | ദീർഘകാല പദ്ധതികൾ |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപപ്പെടുത്തി

തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

G20 | എന്റെ കേരളം എന്റെ അഭിമാനം | STAY SAFE ONLINE

# ഗുസ്തി താരങ്ങളുടെ സമരം; ഗുസ്തി ഫെഡറേഷൻ തെരഞ്ഞെടുപ്പ് മാറ്റി; രാഷ്ട്രീയ പിന്തുണ തേടി സമരക്കാർ

ന്യൂഡൽഹി: മെയ് ഏഴിന് നടക്കാനിരിക്കുന്ന ഗുസ്തി ഫെഡറഷൻ തെരഞ്ഞെടുപ്പ് മാറ്റി വച്ചു. ഗുസ്തി താരങ്ങൾ പ്രതിഷേധിക്കുന്ന പശ്ചാത്തലത്തിലാണ് തെരഞ്ഞെടുപ്പ് മാറ്റിവെക്കാൻ കായിക മന്ത്രാലയം നിർദേശിച്ചതെന്നാണ് വിവരം. ബ്രിജ് ഭൂഷൻ ഇത്തവണ മത്സരിക്കില്ലെന്ന് നേരത്തെ അറിയിച്ചിരുന്നു. ഫെഡറേഷൻ നിർവാഹക സമിതി തെരഞ്ഞെടുപ്പ് നടത്താൻ താൽക്കാലിക സമിതി രൂപീകരിക്കാൻ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന് കായിക മന്ത്രാലയം നിർദേശം നൽകി. താൽക്കാലിക സമിതി രൂപീകരിച്ച് 45 ദിവസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തണം. തെരഞ്ഞെടുപ്പ് നടക്കുന്നത് വരെ നിർവാഹക സമിതിയുടെ ചുമതലകൾ താൽക്കാലിക സമിതി വഹിക്കണമെന്നും കേന്ദ്രസർക്കാർ ആവശ്യപ്പെട്ടു.

ഗുസ്തി താരങ്ങളുടെ പരാതി അന്വേഷിക്കാൻ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ പ്രാഥമിക നിഗമനങ്ങളിൽ ആഭ്യന്തര പരാതി പരിഹാര സമിതിയുടെ അഭാവം ചൂണ്ടിക്കാട്ടിയിരുന്നു. ഗുസ്തി ഫെഡറേഷനും അംഗങ്ങളുമായി സുതാര്യമായ ബന്ധമില്ലെന്നും കണ്ടെത്തലുണ്ട്. ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലിക സമിതിയെ നിയോഗിക്കാൻ സർക്കാർ നിർദേശിച്ചത്. എന്നാൽ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ സമർപ്പിച്ച റിപ്പോർട്ടിനെതിരേ ഗുസ്തി താരങ്ങൾ രംഗത്ത് വന്നു. റിപ്പോർട്ടിലെ പ്രാഥമിക നിഗമനങ്ങളിൽ എവിടെയും ലൈംഗിക പരാതിയെക്കുറിച്ച് പരാമർശമില്ലെന്നും ഫെഡറേഷന്റെ പ്രവർത്തനത്തിലെ സുതാര്യത മറ്റൊരു വിഷയമാണെന്നും താരങ്ങൾ പ്രതികരിച്ചു. സത്യസന്ധമായ ആവശ്യങ്ങൾക്ക് വേണ്ടിയാണ് തങ്ങളുടെ പോരാട്ടമെന്ന് വിനേഷ് ഫൊഗട് ജന്തർ മന്തറിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ബ്രിജ് ഭൂഷണിനെതിരേ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യണമെന്നതാണ് ആവശ്യം. മൂന്ന് ദിവസമായി എഫ്.ഐ.ആർ എടുക്കാതായതോടെയാണ് കോടതിയെ സമീപിച്ചത്.

ബി.ജെ.പി നേതാവായത്കൊണ്ട് കേന്ദ്ര സർക്കാർ ബ്രിജ് ഭൂഷണെ പിന്തുണയ്ക്കുന്നുണ്ട്. പണത്തിന്റേയും അധികാരത്തിന്റേയും ബലം ബ്രിജ് ഭൂഷണുണ്ട്. കേന്ദ്ര സർക്കാരിന് മേൽ സമ്മർദം ചെലുത്താൻ ബ്രിജ് ഭൂഷണ് കഴിയുന്നുണ്ട്. ഇത്തവണ സമരത്തിന് രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ സ്വീകരിക്കും. കഴിഞ്ഞ പ്രതിഷേധത്തിൽ പിന്തുണയുമായി എത്തിയവരെ മടക്കി അയച്ചതിൽ മാപ്പ് ചോദിക്കുന്നു. രാഷ്ട്രീയ പാർട്ടികളുടേയും കായിക താരങ്ങളുടേയും പിന്തുണ അഭ്യർത്ഥിക്കുന്നുവെന്നും താരങ്ങൾ പറഞ്ഞു. രാജ്യത്തിനായി മെഡൽ നേടിയവർ ധർണ ഇരിക്കേണ്ടി വരുന്നത് ഖേദകരമെന്ന് കോൺഗ്രസ് നേതാവും ഹരിയാന മുൻ മുഖ്യമന്ത്രിയുമായ ഭൂപേന്ദ്ര ഹൂഡ വിമർശിച്ചു. ഗുസ്തി താരങ്ങൾക്ക് നീതി കിട്ടണം. ഗുസ്തി താരങ്ങൾ പിന്തുണ ആവശ്യപ്പെട്ടാൽ തീർച്ചയായും നൽകും. കായിക താരങ്ങൾക്കായി പോരാടുമെന്നും ഭൂപേന്ദ്ര ഹൂഡ അറിയിച്ചു.

# ലാവ്‌ലിൻ കേസ് വീണ്ടും മാറ്റിവച്ചു; ജസ്റ്റിസ് സി.ടി രവികുമാർ പിന്മാറി

**അഞ്ച് മാസത്തിന് ശേഷമായിരുന്നു ഹർജി ഇന്ന് വീണ്ടും ലിസ്റ്റ് ചെയ്തത്**

ന്യൂഡൽഹി: എസ്.എൻ.സി ലാവ്‌ലിൻ കേസ് സുപ്രീം കോടതി വീണ്ടും മാറ്റിവെച്ചു. കേസ് പരിഗണിക്കുന്ന സുപ്രീം കോടതി ഡിവിഷൻ ബെഞ്ചിൽ നിന്ന് ജസ്റ്റിസ് സി.ടി രവികുമാർ പിന്മാറി. കേസിൽ ഹൈക്കോടതിയിൽ വാദം കേട്ടിട്ടുണ്ടെന്ന് ജസ്റ്റിസ് സി.ടി രവികുമാർ പറഞ്ഞു. താൻ പിന്മാറേണ്ടതുണ്ടോയെന്ന് ചോദിച്ച ജസ്റ്റിസ് പിന്നീട് പിന്മാറുകയായിരുന്നു. ഇദ്ദേഹം സ്വയം കാരണം വിശദീകരിച്ച് പിന്മാറുകയായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവരെ കുറ്റവിമുക്തരാക്കിയതിനെതിരായ സി.ബി.ഐ ഹർജിയും വിചാരണ നേരിടണമെന്ന ഹൈക്കോടതി വിധിക്കെതിരായ ഹർജിയുമാണ് സുപ്രീം കോടതിക്ക് മുമ്പാകെയുള്ളത്. കഴിഞ്ഞ 32 തവണയും പല കാരണങ്ങളാൽ പരിഗണിക്കപ്പെടാതിരുന്ന ഹർജി അഞ്ച് മാസത്തിന് ശേഷമായിരുന്നു ഇന്ന് വീണ്ടും ലിസ്റ്റ് ചെയ്തത്. നാലാം നമ്പർ കോടതിയിൽ ഇരുപത്തിയൊന്നാമത്തെ കേസായാണ് ഇന്ന് ലാവ്‌ലിൻ കേസ് ലിസ്റ്റ് ചെയ്തത്.

ഹർജികൾ ജസ്റ്റിസുമാരായ എം.ആർ ഷാ, മലയാളിയായ സി.ടി രവികുമാർ എന്നിവരുടെ ബെഞ്ചാണ് പരിഗണിച്ചത്. മുഖ്യമന്ത്രി പിണറായി വിജയൻ, ഊർജ വകുപ്പ് മുൻ സെക്രട്ടറി കെ. മോഹനചന്ദ്രൻ, മുൻ ജോയിന്റ് സെക്രട്ടറി എ. ഫ്രാൻസിസ് എന്നിവരെ കുറ്റവിമുക്തരാക്കിയതിനെതിരേ 2017 ഡിസംബറിലായിരുന്നു സി.ബി.ഐ സുപ്രീംകോടതിയെ സമീപിച്ചത്.

2018 ജനുവരിയിൽ കോടതി നോട്ടീസ് അയച്ചു. പിന്നീട് പലവട്ടം കേസ് ലിസ്റ്റ് ചെയ്തെങ്കിലും പരിഗണിച്ചിരുന്നില്ല. അസുഖബാധിതനായതിനാൽ ഇന്ന് കേസ് പരിഗണിക്കരുതെന്ന് ഊർജ്ജ വകുപ്പ് മുൻ ജോയിന്റ് സെക്രട്ടറി എ. ഫ്രാൻസിസിന്റ അഭിഭാഷകൻ സുപ്രീം കോടതി രജിസ്ട്രാർക്ക് കത്തു നൽകിയിരുന്നു. കേസ് മൂന്നാഴ്ചത്തേക്ക് മാറ്റിവയ്ക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്.



# കനത്ത ചൂട്; അഞ്ച് ജില്ലകളിൽ ജാഗ്രതാ നിർദേശം

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത ചൂട് തുടരുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. അഞ്ച് ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകി, സാധാരണയേക്കാൾ രണ്ടു മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാനാണ് സാധ്യത. കനത്ത ചൂട് തുടരുന്നതിനാൽ വരും ദിവസങ്ങളിലും കൂടുതൽ ജാഗ്രത പൊതുജനങ്ങൾ പാലിക്കണമെന്നാണ് മുന്നറിയിപ്പ്. പാലക്കാട്, കോട്ടയം, എറണാകുളം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ചൂട് കനക്കും എന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. പാലക്കാട് ജില്ല ചുട്ടുപൊള്ളുകയാണ്. 40 ഡിഗ്രിക്ക് അടുത്ത ചൂടാണ് ജില്ലയിൽ രേഖപ്പെടുത്തുന്നത്. കോട്ടയം 38 ഡിഗ്രിയും ആലപ്പുഴ, കോഴിക്കോട് 37 ഡിഗ്രിയും എറണാകുളം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ 36 ഡിഗ്രി താപനിലയും രേഖപ്പെടുത്തി. അതേസമയം, കണ്ണൂർ, കാസർകോഡ് ജില്ലകൾ ഒഴികെ 12 ജില്ലകളിൽ നേരിയ രീതിയിൽ വേനൽ മഴയ്ക്ക് സാധ്യതയുണ്ട്. ഇടുക്കിയിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. ജില്ലയിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥ വകുപ്പിന്റെ പ്രവചനം.

# പ്രധാനമന്ത്രിയുടെ കേരള സന്ദർശനം; ഇന്നും നാളെയും ട്രെയിൻ ഗതാഗതത്തിന് നിയന്ത്രണം



തിരുവനന്തപുരം: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കേരള സന്ദർശനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഇന്നും നാളെയും ട്രെയിൻ ഗതാഗതത്തിന് നിയന്ത്രണം. വിവിധ ട്രെയിൻ സർവീസുകളിൽ മാറ്റം വരുത്തിയതായി റെയിൽവേ അറിയിച്ചു. ഇതു കൂടാതെ നാളെ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പവർ ഹൗസ് റോഡിലെ രണ്ടാം ഗേറ്റ് വഴി മാത്രമായിരിക്കും യാത്രക്കാർക്ക് പ്രവേശനം അനുവദിക്കുക. ടിക്കറ്റ് ബുക്കിങ് സൗകര്യവും ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. മലബാർ എക്സ്പ്രസ് ഇന്നും നാളെയും കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കും. ചെന്നൈ-തിരുവനന്തപുരം ഡെയ്‌ലി മെയിൽ ഇന്നും നാളെയും കൊച്ചുവേളി വരെ മാത്രമേ സർവീസ് നടത്തൂ. പുറപ്പെടുന്നതും കൊച്ചുവേളിയിൽ നിന്നാകും. നാഗർകോവിൽ കൊച്ചുവേളി എക്സ്പ്രസ് ഇന്നും നാളെയും നേമത്ത് സർവീസ് നിർത്തും. കൊല്ലം-തിരുവനന്തപുരം സ്പെഷ്യൽ എക്സ്പ്രസ് ഇന്നും നാളെയും കഴക്കൂട്ടത്ത് സർവീസ് അവസാനിപ്പിക്കും. പുറപ്പെടുന്നതും കഴക്കൂട്ടത്ത് നിന്നാകും. തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന മലബാർ എക്സ്പ്രസ് ഇന്നും നാളെയും കൊച്ചുവേളിയിൽ നിന്ന് പുറപ്പെടും. അമൃത എക്സ്പ്രസും ശബരി എക്സ്പ്രസും ഇന്ന് കൊച്ചുവേളിയിൽ സർവീസ് നിർത്തും. കൊച്ചുവേളി- നാഗർകോവിൽ സ്പെഷ്യൽ എക്സ്പ്രസ് ഇന്നും നാളെയും കൊച്ചുവേളിക്ക് പകരം രണ്ടര മണിക്ക് നെയ്യാറ്റിൻകരയിൽ നിന്ന് പുറപ്പെടും. ബുധനാഴ്ച 4.55ന് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്ന് പുറപ്പെടേണ്ട സിൽചർ അരോണയ് പ്രതിവാര എക്സ്പ്രസ് 6.25 നാകും പുറപ്പെടുക. മധുരൈ തിരുവനന്തപുരം അമൃത എക്സ്പ്രസ് ഇന്ന് കൊച്ചുവേളിയിൽ സർവീസ് അവസാനിപ്പിക്കും. ഗുരുവായൂർ ഇന്റർസിറ്റി എക്സ്പ്രസ്, എറണാകുളം തിരുവനന്തപുരം വഞ്ചിനാട് എക്സ്പ്രസ് എന്നിവ നാളെ കൊച്ചുവേളിയിൽ സർവ്വീസ് അവസാനിപ്പിക്കും.

# ഇനി പൂരത്തിന്റെ നാളുകൾ; തൃശൂർ പൂരത്തിന് ഇന്ന് കൊടിയേറും



തൃശൂർ: പൂരങ്ങളുടെ പൂരമായ തൃശൂർ പൂരത്തിന് ഇന്ന് കൊടിയേറും. കേരളത്തിലെ പൂരപ്രേമികൾക്ക് ഇന്ന് മുതൽ ആവേശത്തിന്റേയും ആഘോഷത്തിന്റേയും ദിനങ്ങളാണ്. തിരുവമ്പാടിയിലും പാറമേക്കാവിലും എട്ട് ഘടക ക്ഷേത്രങ്ങളിലും പൂര പതാകകൾ ഉയരുന്നതോടെ കൊടിയേറ്റം പൂർണമാകും. തിരുവമ്പാടി ക്ഷേത്രത്തിൽ രാവിലെ 10.30 നും 11.30 നും മധ്യേയാണ് കൊടിയേറ്റം. രാവിലെ 11.30നും 12നും ഇടയിലാണ് പാറമേക്കാവിന്റെ കൊടിയേറ്റം. പിന്നാലെ ഘടകക്ഷേത്രങ്ങളായ ലാലൂർ, അയ്യന്തോൾ, ചെമ്പൂക്കാവ്, പനമുക്കുംപിള്ളി, പൂക്കാട്ടിക്കര കാരമുക്ക്, കണിമംഗലം, ചൂരക്കാട്ടുക്കാവ്, നെയ്തലക്കാവ് എന്നിവിടങ്ങളിലും പൂര പതാക ഉയരും. ഈ മാസം 30നാണ് ചരിത്ര പ്രസിദ്ധമായ തൃശൂർ പൂരം. കൊടിയേറ്റിന് ശേഷം പാറമേക്കാവ് കാശിനാഥൻ ഭഗവതിയുടെ തിടമ്പേറ്റി പുറത്തേക്ക് മേളത്തിന്റെ അകമ്പടിയോടെ എഴുന്നള്ളിപ്പും ഉണ്ടാകും. തിരുവമ്പാടിയിൽ പൂജിച്ച കൊടിക്കൂറ കൊടിമരത്തിൽ ചാർത്തി, ദേശക്കാർ ഉപചാരപൂർവം കൊടിമരം നാട്ടി കൊടിക്കൂറ ഉയർത്തും. നടുവിലാലിലെയും നായ്ക്കനാലിലേയും പന്തലുകളിലും തിരുവമ്പാടി വിഭാഗം കൊടിയുയർത്തും. ഇതോടെ ശക്തന്റെ തട്ടകം പൂരാവേശത്തിലേക്ക് കടക്കും. ഇരു വിഭാഗങ്ങളുടെയും പൂര ചമയ ഒരുക്കങ്ങളും അന്തിമ ഘട്ടത്തിലാണ്.

# ലോക ഭൗമദിനം; ലേഖന മത്സരവും ചിത്രകാരക്കൂട്ടായ്മയും സംഘടിപ്പിച്ചു

കതിരൂർ: ഗ്രാമപഞ്ചായത്ത് ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയും ചിറക് പ്രകൃതി നിരീക്ഷണ ക്ലബും സംയുക്തമായി ലോക ഭൗമദിനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ലേഖന മത്സരവും ചിത്രകാരക്കൂട്ടായ്മയും സംഘടിപ്പിച്ചു. കതിരൂർ നാലാംമൈൽ പതിനാറാം വാർഡിലെ കോത്താലമലയിൽ നടന്ന ചിത്രകാരക്കൂട്ടായ്മ പാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ശൈലജ ക്യൻവാസിൽ ചിത്രം വരച്ചു കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു.

വൈസ് പ്രസിഡന്റ് സനില പി.രാജ് അധ്യക്ഷത വഹിച്ചു. പ്രവീൺ ദാസ് സംസാരിച്ചു. പി.സുജിത്ത്, സജിത്ത് നാലാംമൈൽ എന്നിവർ നേതൃത്വം നൽകി. സന്ധ്യ പ്രവീൺ, തീർത്ഥ, ശിവാനി എന്നിവർ ക്യാൻവാസിൽ ചിത്രം വരച്ചു.



ലയൺസ് ക്ലബ് ക്രിക്കറ്റ് ടൂർണമെന്റ് ഉദ്ഘാടനം ബാറ്റ് ചെയ്ത് നിർവഹിക്കുന്ന ഡിസ്ട്രിക്ട് ഗവർണർ ഡോ.പി സുധീർ

# ആവേശമായി ലയൺസ് ക്ലബ് ക്രിക്കറ്റ് ടൂർണമെന്റ്; ശ്രദ്ധേയമായി വനിതാ അംഗങ്ങളുടെ ക്രിക്കറ്റ് മാച്ച്

കോഴിക്കോട്: ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 ഇയുടെ സഹകരണത്തോടെ ലയൺസ് ക്ലബ് ഓഫ് കാലിക്കറ്റ് ഡാഫോഡിൽസിന്റെ നേതൃത്വത്തിൽ നടക്കാവ് ഗെയിം ഓൺ ടറഫിൽ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചു. ഏകദിന മാച്ച് ലയൺസ് ഡിസ്ട്രിക്ട് ഗവർണർ ഡോ.പി സുധീർ ഉദ്ഘാടനം ചെയ്തു. ഡോ.ചന്ദ്രകാന്ത് നേത്രാലയ മാനേജിംഗ് ഡയരക്ടർ ഡോ.കെ.എസ് ചന്ദ്രകാന്ത് നേത്രാലയ മുഖ്യാതിഥിയായി. കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ല ഉൾപ്പെട്ട ലയൺസ് ക്ലബ് 318 ഇയ്ക്ക് കീഴിലുള്ള 20 ക്ലബുകൾ മാറ്റുരച്ചു. ഇതാദ്യമായി വനിതാ അംഗങ്ങളുടെ ക്രിക്കറ്റ് പ്രദർശന മത്സരവും നടന്നു. ലയൺസ് ക്ലബ് ഓഫ് കാലിക്കറ്റ് ഡാഫോഡിൽ പ്രസിഡന്റ് കെ.വിശ്വനാഥൻ നായർ,ഡോ. പി.ജയചന്ദ്രൻ ,എ. എം രമേഷ് , പ്രോഗ്രാം കൺവീനർ സി.വി പ്രതീഷ് മേനോൻ , സലാം എയർ സൗത്ത് ഇന്ത്യ മാനേജർ അബ്ദുൽ ജലീൽ , പി.സി.കെ രാജൻ, ജ്യോതിഷ് തുമ്പയിൽ എന്നിവർ സംസാരിച്ചു.

# എ.ഐ ക്യാമറ പദ്ധതിയുമായും എസ്.ആർ.ഐ.ടിയുമായും ഊരാളുങ്കൽ സൊസൈറ്റിക്ക് ബന്ധമില്ല; ആരോപണങ്ങൾ വ്യാജം



കോഴിക്കോട്: എ.ഐ ക്യാമറകൾ സ്ഥാപിച്ച പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണത്തിൽ പരാമർശിക്കപ്പെട്ട എസ്.ആർ.ഐടി എന്ന കമ്പനിയുമായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി (യുഎൽ.സി.സി.എസ്)യെ ബന്ധപ്പെടുത്തി വ്യാജ ആരോപണങ്ങൾ ചില വാർത്താ മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും വന്നിരുന്നതായും എന്നാൽ എ.ഐ ക്യാമറ പദ്ധതിയുമായി ഊരാളുങ്കൽ സൊസൈറ്റിക്ക് ഒരു ബന്ധം ഇല്ലെന്നു വ്യക്തമാക്കി മാനേജിങ് ഡയരക്ടർ. സമൂഹമാധ്യമങ്ങളിൽ ചിലർ ഉയർത്തുന്ന ആരോപണങ്ങളിൽ പറയുന്ന പേരുകാരാരും ഊരാളുങ്കലിന്റെന്റെ ഡയരക്ടർമാരല്ല. ബാംഗ്ലൂർ ആസ്ഥാനമായ എസ്.ആർ.ഐ.ടിഎസ്.ആർ.ഐ.ടി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഒരു ആശുപത്രി സോഫ്റ്റ്‌വെയർ വികസനപദ്ധതി 2016-ൽ ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകി. ഇതിനായി അന്ന് ഈ രണ്ടു സ്ഥാപനങ്ങളും ചേർന്ന് സംയുക്തസംരംഭം രൂപവൽക്കരിച്ചു. അതിന്റെ പേരാണ് യുഎൽ.സി.സി.എസ് എസ്.ആർ.ഐ.ടി. രണ്ടു സ്ഥാപനത്തിലെയും ഡയരക്ടർമാർ അതിൽ അംഗങ്ങൾ ആയിരുന്നു. യുഎൽ.സി.സി.എസ് എസ്.ആർ.ഐ.ടിയുടെ ദൗത്യം 2018-ൽ അവസാനിക്കുകയും തുടർന്ന് ആ സംയുക്ത സംരംഭം പിരിച്ചുവിടുകയും ചെയ്തു.

യുഎൽ.സി.സി.എസ് എസ്.ആർ.ഐ.ടി ഇപ്പോൾ നിലവിലില്ല. എന്നാൽ, കമ്പനികളുടെ വിവരങ്ങൾ കിട്ടുന്ന zaubacorp.com പോലെയുള്ള ചില വെബ്സൈറ്റുകളിൽ എസ്.ആർ.ഐ.ടി എന്നു തെരഞ്ഞാൽ യുഎൽ.സി.സി.എസ് എസ്.ആർ.ഐ.ടി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ വിവരംകൂടി വരാറുണ്ട്. അവരുടെ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാത്തതുകൊണ്ട് ആ വെബ്സൈറ്റിൽ ഇപ്പോഴും പഴയ വിവരം കിടക്കുന്നു എന്നുമാത്രം. ഇതു കണ്ടിട്ടാണു പലരും എസ്.ആർ.ഐ.ടി എന്നു കേൾക്കുന്നിടത്തെല്ലാം യുഎൽ.സി.സി.എസിനെ കൂട്ടിക്കെട്ടാൻ മുതിരുന്നത്. എസ്.ആർ.ഐ.ടി അല്ല യുഎൽ.സി.സി.എസ് എസ്.ആർ.ഐ.ടി. എസ്.ആർ.ഐ.ടി സ്വതന്ത്രമായ അസ്തിത്വമുള്ള സ്വകാര്യ കമ്പനിയാണ്. എന്നാൽ എസ്.ആർ.ഐ.ടി.പങ്കാളിയായി മുമ്പ് ഉണ്ടായിരുന്ന സംയുക്തസംരംഭമായ യുഎൽ.സി.സി.എസ് എസ്.ആർ.ഐ.ടി ആണ് യഥാർത്ഥ എസ്.ആർ.ഐ.ടി എന്ന് തെറ്റിദ്ധരിപ്പിച്ചാണ് ഈ ആരോപണമെല്ലാം.എസ്.ആർ.ഐ.ടി തന്നെ ഇക്കാര്യം വ്യക്തമാക്കിയത് മുമ്പ് മനോരമ റിപ്പോർട്ട് ചെയ്തിരുന്നു.എസ്.ആർ.ഐ.ടിയുമായോ എ.ഐ ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയുമായോ യുഎൽ.സി.സി.എസിന് ഒരു ബന്ധവുമില്ല. അതിനാൽ, ഈ വിഷയത്തിൽ യുഎൽ.സി.സി.എസിനെ ബന്ധപ്പെടുത്തി നടത്തുന്ന ആരോപണങ്ങൾ പിൻവലിക്കണമെന്നും അത്തരം വാർത്ത നൽകിയ മാധ്യമങ്ങൾ അതു തിരുത്തി പ്രസിദ്ധീകരിക്കണമെന്നും ഓൺലൈനിൽനിന്നടക്കം ആ പരാമർശങ്ങൾ പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



താളിയോല സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ മറ്റക്കര സുകുമാരൻ നായരെ ആദരിച്ചപ്പോൾ

# താളിയോല സാംസ്കാരിക സമിതി മറ്റക്കര സുകുമാരൻ നായരെ ആദരിച്ചു

കോഴിക്കോട്: താളിയോല സാംസ്കാരിക സമിതി ലോക പുസ്തകദിനാചരണത്തിന്റെ ഭാഗമായി കവിയും പ്രസാധകനും പത്രാധിപരുമായ മറ്റക്കര സുകുമാരൻ നായരെ ആദരിച്ചു. പ്രശസ്ത കവി പി.പി.ശ്രീധരനുണ്ണി പൊന്നാട അണിയിച്ചു. കെ.എഫ് ജോർജ് ഉപഹാരം നൽകി. സമിതി പ്രസിഡന്റ് പി.ഐ അജയൻ അധ്യക്ഷത വഹിച്ചു. കെ.ജി രഘുനാഥ്, സാം തോമസ്, കെ.എഫ് ജോർജ്, മോഹനൻ പുതിയോട്ടിൽ, മുണ്ട്യാടി ദാമോദരൻ, സി.പി.എം അബ്ദുറഹിമാൻ , പത്മനാഭൻ വേങ്ങേരി , വി.പി സനീബ് കുമാർ , സുനിൽകുമാർ , വി.കെ സരസമ്മ , സാബു മാത്യു എന്നിവർ സംസാരിച്ചു. മറ്റക്കര സുകുമാരൻ നായർ മറുപടി പ്രസംഗം നടത്തി.

# പെരുന്നാൾ ഭക്ഷണ വിതരണവും സ്നേഹസംഗമവും

മാഹി: മാഹി സി.എച്ച്.സെന്ററിന്റെ ആഭിമുഖ്യത്തിൽ പെരുന്നാൾ ഭക്ഷണ വിതരണവും സനേഹ സംഗമവും സംഘടിപ്പിച്ചു. മാഹി ഗവ.ജനറൽ ആശുപത്രി പരിസരത്ത് സി.എച്ച് സെന്റർ പ്രസിഡന്റ് എ.വി യൂസഫിന്റെ അധ്യക്ഷതയിൽ മാഹി റീജ്യണൽ അഡ്മിനിസ്ട്രേറ്റർ ശിവ്‌രാജ് മീണ പരിപാടി ഉദ്ഘാടനം ചെയ്തു. സി.എ അബൂബക്കർ , എ.വി സിദ്ദീഖ് ഹാജി, കെ.അലി ഹാജി, ടി.ജി ഇസ്മായിൽ, പി.ബഷീർ, ചാലക്കര പുരുഷു സംസാരിച്ചു. അജ്മൽ നിഹാദ്, കെ.നംഷീർ, അബ്ഷീർ, സഫ്‌ഹാൻ, ഷെക്കീർ, എ.വി സലാം, ഉബൈസ് നേതൃത്വം നൽകി. മാഹി ഗവ. ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ജീവനക്കാർക്കും മാഹി വൃദ്ധസദനത്തിലെ അന്തേവാസികൾക്കും പുറമെ അഴിയൂർ മുതൽ ന്യൂ മാഹി വരെയുള്ള തെരുവോരത്ത് കഴിയുന്നവർക്കും പെരുന്നാൾ ഭക്ഷണമെത്തിച്ചു.

# എ.ഐ ക്യാമറ ഇടപാടിൽ നടന്നത് വൻ അഴിമതി; പിന്നിൽ കണ്ണൂരിലെ കമ്പനികൾ: വി.ഡി സതീശൻ



കൊച്ചി: എ.ഐ ക്യാമറ ഇടപാടിൽ നടന്നത് വൻ അഴിമതിയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ഗതാഗത മന്ത്രിയടക്കമുള്ളവർക്ക് പോലും കരാർ കമ്പനികളെക്കുറിച്ച് അറിയില്ല. കരാർ കിട്ടിയ കമ്പിനി മറ്റൊരു കമ്പനിക്ക് കരാർ മറിച്ചുകൊടുക്കുകയായിരുന്നു. കണ്ണൂർ കേന്ദ്രീകരിച്ചുള്ള കമ്പനികളാണ് ഈ അഴിമതിക്കും കൊള്ളക്കും പിന്നിൽ പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കെൽട്രോണിന്റെ മറവിൽ സ്വകാര്യ കമ്പനികൾക്ക് കൊള്ള നടത്താൻ വഴിയൊരുക്കുകയാണ് സർക്കാർ ചെയ്യുന്നുന്നത്. സി.പി.എം നേരിട്ടാണ് ഇത്തരം അഴിമതിക്ക് ചുക്കാൻ പിടിക്കുന്നത്. ഇതിന് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ മറുപടി പറയണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. എസ്.ആർ.ഐ.ടി എന്ന കമ്പനിക്ക് ഈ രംഗത്ത് യാതൊരു മുൻ പരിചയവുമില്ല. ഇടനിലക്കാരായി നിന്ന് കോടികൾ തട്ടുക എന്ന പണിയാണ് ഈ കമ്പനിക്കുള്ളത്. കഴിഞ്ഞ ദിവസം രമേശ് ചെന്നിത്തല ഉന്നയിച്ച ആരോപണങ്ങൾക്കൊന്നും സർക്കാർ മറുപടി പറഞ്ഞില്ല. മന്ത്രിമാർക്ക് പോലും ഈ സംഭവം എന്താണെന്ന് ഒരു പിടിയുമില്ല. കെൽട്രോൺ നേരിട്ടാണ് ഈ പദ്ധതി നടത്തിയത്. എന്നാൽ അവർ പറയുന്നതിലും യാതൊരു വ്യക്തതയുമില്ല.

ഇതുപോലെ പദ്ധതിക്ക് പ്രീ ക്വാളിഫിക്കേഷൻ മാനദണ്ഡം വ്യക്തമാക്കേണ്ടതായിരുന്നു. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളേതൊക്കെയാണ്? എസ്.ആർ.ഐ.ടിക്ക് കരാർ കിട്ടിയ ശേഷം കൺസോർഷ്യം ഉണ്ടാക്കി ഒരു കമ്പനിക്ക് ഉപകരാർ കൊടുത്തു. ഈ കമ്പനിയും ഊരാളുങ്കലുമായി ബന്ധമുണ്ട്. ഉപകരാർ കിട്ടിയ കമ്പനിയും ഊരാളുങ്കലും എല്ലാം കണ്ണൂർ കേന്ദ്രീകരിച്ചുള്ള കമ്പനികളാണ്. പണം എല്ലാം വരുന്നത് ഒറ്റപെട്ടിയിലേക്കാണ്. ഒമ്പത് ലക്ഷമാണ് ഒരു ക്യാമറയുടെ വില എന്നാണ് പറയുന്നത്. അതിന്റെ പത്തിലൊന്ന് പോലും യഥാർത്ഥത്തിൽ വിലയില്ല. അന്താരാഷ്ട്ര ബ്രാന്റ് ക്യാമറകൾ ഇന്ത്യയിൽ സുലഭമായി കിട്ടുമ്പോൾ എന്തിനാണ് ഇതിന്റെ ഘടകങ്ങൾ വാങ്ങി അസംബിൾ ചെയ്തത്.

232 കോടിയുടെ പദ്ധതിയിൽ 70 കോടി മാത്രമാണ് ക്യാമറയ്ക്ക് ചെലവ്. ക്യാമറ വാങ്ങിയാൽ അഞ്ച് വർഷത്തേക്ക് വാറന്റി കിട്ടും. എന്നാൽ ഇവിടെ അഞ്ച് വർഷത്തേക്ക് 66 കോടി രൂപ മെയിന്റനൻസിന് വേണ്ടി മാറ്റി വച്ചിരിക്കുകയാണ്. പൂർണമായി വാങ്ങാവുന്ന ക്യാമറ എന്തിനാണ് ഭാഗങ്ങളായി കെൽട്രോൺ വാങ്ങിയത് എന്ന് വ്യക്തമാക്കണം. ഒരു വർഷം ആയിരം കോടി രൂപ ജനങ്ങളിൽ നിന്നും കൊള്ളയടിക്കാനുള്ള പദ്ധതിയാണിത്. സർക്കാരിന്റെ അഴിമതിക്ക് വേണ്ടി സാധാരണക്കാരന്റെ കീശ കൊള്ളയടിക്കുകയാണെന്നും സതീശൻ പറഞ്ഞു.

## മലങ്കര വർഗീസ് വധക്കേസ്: 17 പ്രതികളയേും വെറുതേവിട്ട് സി.ബി.ഐ കോടതി



കൊച്ചി: ഏറെ കോളിളക്കം സൃഷ്ടിച്ച മലങ്കര വർഗീസ് വധക്കേസിൽ 17 പ്രതികളേയും വെറുതെ വിട്ട് സി.ബി.ഐ പ്രത്യേക കോടതി. കൊച്ചിയിലെ സി.ബി.ഐ കോടതിയാണ് കൊലപാതകം നടന്ന് 20 വർഷത്തിന് ശേഷം മലങ്കര വർഗീസ് വധക്കേസിൽ വിധി പറഞ്ഞത്. കേസിൽ 19 പ്രതികളാണ് ഉണ്ടായിരുന്നത്. ഇതിൽ മൂന്ന് പേർ നേരത്തെ മരിച്ചിരുന്നു. യാക്കോബായ സഭയിലെ ഫാ.വർഗീസ് തെക്കേക്കര ആയിരുന്നു കേസിലെ ഒന്നാം പ്രതി. ഓർത്തഡോക്സ് സഭ മാനേജിങ് കമ്മിറ്റിയംഗമായിരുന്ന മലങ്കര വർഗീസ് 2002 ഡിസംബർ അഞ്ചിനാണ് കൊല്ലപ്പെട്ടത്. പെരുമ്പാവൂരിനടുത്ത് എം.സി റോഡിലുള്ള വർക്ക്ഷോപ്പിൽ കാറിന്റെ അറ്റകുറ്റപ്പണിക്കായി ഇറങ്ങിയപ്പോൾ മറ്റൊരു കാറിൽ പിന്തുടർന്നെത്തിയ അക്രമികൾ വടിവാൾ കൊണ്ടു വെട്ടുകയായിരുന്നു എന്നായിരുന്നു പോലിസ് കേസ്. ബിസിനസ് വൈരാഗ്യമാണ് കൊലപാതകത്തിന് കാരണമെന്നാണ് ആദ്യഘട്ടത്തിൽ കരുതിയിരുന്നത്. എന്നാൽ സഭാ തർക്കമാണ് കൊലപാതകത്തിന് പിന്നിലെന്നായിരുന്നു സി.ബി.ഐ കണ്ടെത്തിയത്. പെരുമ്പാവൂർ ബഥേൽ സുലോക്കോ യാക്കോബായ കത്തീഡ്രൽ വികാരി ആയിരുന്ന ഫാ. വർഗീസ് തെക്കേക്കരയെ ഒന്നാം പ്രതിയാക്കിയാണ് സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചത്. കൊലക്കുറ്റം, ഗൂഢാലോചന, ആയുധനിരോധന നിയമം തുടങ്ങിയ ഒൻപത് വകുപ്പുകൾ ഫാ. വർഗീസിനെതിരേ ചുമത്തിയിരുന്നു. യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങൾക്കിടയിൽ നിലനിന്ന സംഘർഷവും കുടിപ്പകയുമാണ് ഓർത്തഡോക്സ് വിഭാഗക്കാരനായ മലങ്കര വർഗീസിനെ ആസൂത്രിതമായി കൊലപ്പെടുത്താൻ പ്രതികളെ പ്രേരിപ്പിച്ചതെന്നാണ് സി.ബി.ഐ കണ്ടെത്തിയത്. വർഗീസ് കൊലക്കേസിലെ കോടതി വിധി അപ്രതീക്ഷിതമെന്ന് മലങ്കര ഓർത്തഡോക്സ് സഭ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പ്രതികരിച്ചു. സാക്ഷികൾ കൂറുമാറിയതടക്കമുള്ള സാഹചര്യം, വിധി പകർപ്പ് ലഭിച്ച ശേഷം വിശദമായി പഠിച്ച് മേൽകോടതികളെ സമീപിക്കും. ആത്യന്തിക വിജയം സത്യത്തിനായിരിക്കുമെന്നും കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നത് വരെ നിയമ പോരാട്ടം തുടരുമെന്നും അഡ്വ. ബിജു ഉമ്മൻ പ്രസ്താവനയിൽ പറഞ്ഞു.

## റമദാൻ വ്രതത്തിന്റെ അന്തഃസത്ത ഉയർത്തി അവയവദാനത്തിലൂടെ രണ്ട് ജീവനുകളെ രക്ഷിച്ച് ഒരു കുടുംബം



ന്യൂഡൽഹി: ഈദ് ദിനത്തിൽ റമദാൻ വ്രതത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിച്ച് മാതൃക കാട്ടിയിരിക്കുകയാണ് ഹരിയാനയിലെ മേവാത്തിൽ നിന്നുള്ള ഒരു കുടുംബം. ഏപ്രിൽ 15ന് റോഡപകടത്തിൽ തലയ്ക്ക് ഗുരുതര പരുക്കേറ്റ് ചികിത്സയിലായിരുന്ന കുടുംബത്തിലെ അഞ്ചു മക്കളിൽ ഇളയവനായ ഒമ്പതു വയസുകാരന് ഈദ് ദിനത്തിലാണ് മസ്തിഷ്കമരണം സംഭവിച്ചത്. എയിംസ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കുട്ടിയുടെ ജീവൻ രക്ഷിക്കാൻ ഡോക്ടർമാർക്ക് സാധിച്ചില്ല. മസ്തിഷ്ക മരണം സ്ഥിരീകരിച്ചതിനെ തുടർന്ന് എയിംസിലെ അവയവദാന വിഭാഗം കുട്ടിയുടെ കുടുംബാംഗങ്ങളുമായി സംസാരിക്കുകയായിരുന്നു. സഹജീവികളോട് അനുതാപമുള്ളവരാകുക എന്ന റമദാൻ വ്രതത്തിന്റെ സന്ദേശം ഉൾക്കൊണ്ട കുടുംബം അവയവദാനത്തിന് സമ്മതം നൽകിയതോടെ രണ്ട് ജീവനുകൾ രക്ഷിക്കാനായി. ഡൽഹിയിലെ ഒരു കുഞ്ഞിന്റേയും യുവാവിന്റേയും ജീവനുകളാണ് അവയവദാനത്തിലൂടെ രക്ഷപ്പെട്ടത്. കുട്ടിക്ക് ജന്മനാ ഒരു വൃക്ക മാത്രമാണ് ഉണ്ടായിരുന്നത്. അത് ഹരിയാന ബഹദൂർഗ് സ്വദേശിയായ 20 കാരനും കരൾ 16കാരനായ കുട്ടിക്കും നൽകി. രണ്ട് കണ്ണുകളും നേത്രബാങ്കിലേക്ക് മാറ്റി. ഹൃദയവും ശ്വാസകോശവും ഉപയോഗിക്കാൻ അനുയോജ്യരായ സ്വീകർത്താക്കളെ കണ്ടെത്താനായില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. കുടുംബത്തിലെ ഏറ്റവും ഇളയവനായ കുഞ്ഞിന്റെ അവയവം ദാനം ചെയ്യുക എന്ന തീരുമാനം എടുക്കുന്നത് കുടുംബത്തിന് വലിയ ബുദ്ധിമുട്ടായിരുന്നുവെന്ന് കുട്ടിയുടെ ബന്ധു പറഞ്ഞു. ആഘോഷത്തിന്റെ സമയത്ത് അവനെ നഷ്ടമായെങ്കിലും അവന്റെ അവയവങ്ങൾ മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുമെങ്കിൽ അത് അവന് നൽകാവുന്ന ഏറ്റവും വലിയ സമ്മാനമാണെന്ന് ബന്ധു മാധ്യമങ്ങളോട് പറഞ്ഞു. കുടുംബ വിവരങ്ങൾ പുറത്തുവിടാൻ ബന്ധുക്കൾ മാനസികമായി തയ്യാറായിട്ടില്ല.

# മതവികാരം വ്രണപ്പെടുത്തിയെന്നാരോപിച്ച കേസ്; സ്റ്റാൻഡപ്പ് കൊമേഡിയൻ മുനവർ ഫാറൂഖിക്ക് ജാമ്യം



ന്യൂഡൽഹി: മതവികാരം വ്രണപ്പെടുത്തിയെന്നാരോപിച്ച് സ്റ്റാൻഡപ്പ് കൊമേഡിയൻ മുനവർ ഫാറൂഖിക്ക് എതിരെ രജിസ്റ്റർ ചെയ്ത എല്ലാ കേസുകളും മധ്യപ്രദേശിലെ ഇൻഡോറിലേയ്ക്ക് മാറ്റി സുപ്രീം കോടതി. മതവികാരം വ്രണപ്പെടുത്തിയെന്ന കേസിലെ ക്രിമിനൽ നടപടികൾ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഫാറൂഖി നൽകിയ ഹർജിയിലാണ് ഉത്തരവ്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 295 എ ഉൾപ്പടെ വിവിധ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾക്കാണ് ഫാറൂഖി അറസ്റ്റിലായത്. 'വസ്തുതകളും സാഹചര്യങ്ങളും കോടതിയുടെ മുൻ ഉത്തരവും കണക്കിലെടുത്തുകൊണ്ടാണ് എല്ലാ കേസുകളും ഇൻഡോറിലേക്ക് മാറ്റിയത്. ഏതെങ്കിലും ഹർജി ഉചിതമായ കോടതിക്ക് മുമ്പാകെ ഫയൽ ചെയ്താൽ അത് നിയമപ്രകാരം പരിഗണിക്കും. ഫാറൂഖിക്ക് ഇടക്കാല സംരക്ഷണം നൽകിയിട്ടുണ്ട്. അത് സമ്പൂർണ്ണമാക്കിയിരിക്കുന്നു,' ജസ്റ്റിസ് ബി. ആർ. ഗവായ്, സഞ്ജയ് കരോൾ എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവിൽ വ്യക്തമാക്കി. 2021 ഫെബ്രുവരി അഞ്ചിനാണ് മധ്യപ്രദേശ് ഹൈക്കോടതി വിധി സ്റ്റേ ചെയ്ത് സുപ്രീം കോടതി മുനവർ ഫാറൂഖിക്ക് ഇടക്കാല ജാമ്യം അനുവദിച്ചത്. 2021ലെ ഒരു സ്റ്റേജ് ഷോയ്ക്കിടെ മുനവർ ഹിന്ദു ദേവന്മാരെയും ദേവതകളെയും അപമാനിച്ചു എന്നാരോപിച്ചാണ് വിവിധ സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടത്. മുനവർ പരിപാടിക്കിടെ ഹിന്ദു ദേവതകളേയും ആഭ്യന്തരമന്ത്രി അമിത് ഷായെയും കുറിച്ച് തമാശകൾ ഉണ്ടാക്കിയെന്നാണ് ആരോപണം. ബി.ജെ.പി എം.എൽ.എ മാലിനി ലക്ഷ്മൺ സിങ്ങിന്റെ മകൻ ഏക്ലവ്യ സിങ് ഗ്വാദ് ആണ് ആദ്യം കേസുമായി രംഗത്തെത്തിയത്.

## ഇന്ത്യ–ചൈന കമാൻഡർതല ചർച്ച നടന്നു

ന്യൂഡൽഹി: ഗൽവാൻ സംഘർഷത്തിന് ശേഷമുള്ള 18ാം റൗണ്ട് ഇന്ത്യ-ചൈന കമാൻഡർതല ചർച്ച നടന്നു. ചൈനീസ് പ്രതിരോധമന്ത്രി ഇന്ത്യയിൽ എത്താനിരിക്കെയാണ് ചർച്ച നടന്നത്. ഈസ്റ്റേൺ ലഡാക്ക് സെക്ടറിലെ ചുഷുൽ മോൾഡോ മീറ്റിംഗ് പോയിന്റിൽ വച്ചായിരുന്നു ചർച്ച നടന്നത്. അഞ്ച് മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് ചർച്ച നടക്കുന്നത്. ഇന്ത്യ ലഡാക്കിന്റെ ഭാഗമായി കണക്കാക്കുന്ന വിവാദഭൂമിയായ അക്സായി ചിൻ പ്രവിശ്യയിലാണ് ഗാൽവൻ താഴ്വര സ്ഥിതി ചെയ്യുന്നത്. ഇന്ത്യൻ അധീനതയിലുള്ള ലഡാക്കിനും ചൈനീസ് അധികാരത്തിലിരിക്കുന്ന അക്സായി ചിനിനും ഇടയിലാണ് ഈ താഴ്വര. ഇതിലൂടെയാണ് അക്സായി ചിന്നിന് ഇന്ത്യൻ മണ്ണിൽ നിന്ന് അതിരിടുന്ന ലൈൻ ഓഫ് ആക്ചൽ കൺട്രോൾ കടന്നുപോകുന്നത്. 1962 -ലെ യുദ്ധത്തിന് ശേഷം അക്സായി ചിൻ ചൈന അന്യായമായി കയ്യടക്കി വെച്ചിരിക്കുകയാണ്. ചൈനയുടെ സിൻജിയാങ്ങ് പ്രവിശ്യയുമായും, പാകിസ്ഥാനുമായും ഒക്കെ അതിർത്തി പങ്കിടുന്ന ഈ പ്രദേശം സുരക്ഷാ പരിഗണനകളാൽ ഇന്ത്യക്ക് ഏറെ പ്രധാനപ്പെട്ടതാണ്. 1962 -ലെ യുദ്ധസമയത്തും ഇവിടെ കാര്യമായ പോരാട്ടങ്ങൾ നടന്നിട്ടുള്ളതാണ്. ചൈന കാരക്കോറം ഹൈവേയുമായി ബന്ധിപ്പിച്ച് പാക് അതിർത്തിയോളം ചെല്ലുന്ന ഒരു റോഡുണ്ടാക്കിയതുമായി ബന്ധപ്പെട്ട് 1968 മുതൽക്കേ ഈ പ്രദേശത്ത് തർക്കങ്ങളും സംഘർഷങ്ങളും നടന്നു വരുന്നുണ്ട്. അന്ന് റോഡുണ്ടാക്കിയ ശേഷമാണ് ഇന്ത്യ ചൈനയുടെ നിർമാണ പ്രവർത്തനങ്ങൾ ഇന്ത്യൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുന്നതും അന്നത്തെ പ്രധാനമന്ത്രി നെഹ്റു അതിനോട് പ്രതികരിച്ച്, നിർമാണത്തെ അപലപിക്കുന്നതും. അന്നുതൊട്ടേ ഇന്ത്യ ചൈന അക്സായി ചിൻ പ്രദേശത്ത് നടത്തിയ കൈയ്യേറ്റങ്ങളെ അപലപിച്ചുവരുന്നതാണ്. 1962 -ലെ യുദ്ധത്തിന് ശേഷം ഇന്ത്യ ചൈനയുമായി ഒരു യുദ്ധത്തിലേക്ക് ഇതുവരെ കടന്നിട്ടില്ല. യുദ്ധാനന്തരം ഉണ്ടാക്കിയ സമാധാന ഉടമ്പടിയിൽ തർക്കം നിലനിൽക്കുന്ന പ്രദേശത്ത് നിർമാണങ്ങൾ നടത്തില്ലെന്ന് ഉണ്ടായിരുന്നു. പക്ഷേ, ആ ഉടമ്പടിയിൽ ഒപ്പുവെക്കും മുമ്പുതന്നെ ചൈന അവരുടെ ഭാഗത്ത് വേണ്ട നിർമാണങ്ങൾ എല്ലാം നടത്തിക്കഴിഞ്ഞിരുന്നു. ഇന്ത്യൻ മണ്ണിൽ ഇന്ത്യ സമാനമായ നിർമാണങ്ങൾ നടത്തുമ്പോഴൊക്കെ ചൈനയുടെ ഭാഗത്തുനിന്നു പ്രകോപനങ്ങൾ ഉണ്ടാകുന്നുണ്ട്.

## അഴിമതി പുറത്തായപ്പോൾ കെൽട്രോൺ ഉരുണ്ടുകളിക്കുന്നു: രമേശ് ചെന്നിത്തല



തിരുവനന്തപുരം: എ.ഐ ക്യാമറ വിവാദത്തിലെ അഴിമതി പുറത്തുവന്നപ്പോൾ അത് മറയ്ക്കാൻ കെൽട്രോൺ എം.ഡി ഉരുണ്ടുകളിക്കുകയാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവും മുൻ പ്രതിപക്ഷ നേതാവുമായ രമേശ് ചെന്നിത്തല. ടെൻഡർ കെൽട്രോൺ നേരിട്ട് വിളിക്കണമെന്നായിരുന്നു തീരുമാനം. എന്നാൽ, ഇത് ലംഘിച്ചണ് സ്വകാര്യ കമ്പനിക്ക് കരാർ നൽകിയത്. 151 കോടി ക്വോട്ട് ചെയ്ത കമ്പനിക്ക് അഞ്ച് വർഷത്തെ പരിപാലന ചെലവ് കൂടി അധികം നൽകി. 81 കോടിയുടെ അധിക ലാഭമുണ്ടാക്കാൻ കൂട്ടുനിന്നു. പദ്ധതി തുക 151 കോടിയിൽ നിന്ന് 232 കോടി ആക്കിയത് ആരെ സഹായിക്കാനാണെന്ന് കെൽട്രോൺ വ്യക്തമാക്കണമെന്നും രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

# ഡെങ്കിപ്പനി വർധിക്കുന്നു: കൊതുകുകളെ വന്ധ്യംകരിക്കാൻ തീരുമാനിച്ച് അർജന്റീന



ബ്യൂനസ് ഐറിസ്: കൊതുകുജന്യരോഗങ്ങൾക്ക് പരിഹാരം തേടി അർജന്റീന. താപനില ഗണ്യമായി വർധിച്ചതിനാൽ കൊതുകുകൾ മുമ്പില്ലാത്ത വിധം പെരുകിയ അർജന്റീനയിൽ ഈ വർഷം 41,000 കൊതുകുജന്യ രോഗങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഡെങ്കിപ്പനി ബാധിച്ച് മരണമടഞ്ഞത് 40 പേരും. ഈ സാഹചര്യത്തിൽ കൊതുകുകളെ തുരത്താനുള്ള മാർഗ്ഗങ്ങൾ കണ്ടത്തുകയാണ് രാജ്യം. അതിനായി കൊതുകുകളെ വന്ധ്യംകരിക്കുക എന്ന മാർഗമാണ് അവർ സ്വീകരിക്കാൻ തീരുമാനിച്ചത്. വികിരണങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കൊതുകുകളുടെ ജനിതകത്തിൽ മാറ്റം വരുത്തിയ ശേഷം ഇവയെ തുറന്നു വിടാനാണ് തീരുമാനം. ഓരോ ആഴ്ചയും പതിനായിരം ആൺകൊതുകുകളെ വികിരണങ്ങൾ ഉപയോഗിച്ച് വന്ധ്യംകരിക്കാനാണ് പദ്ധതി. ആദ്യഘട്ടത്തിൽ വന്ധ്യംകരിച്ച അഞ്ച് ലക്ഷം കൊതുകുകളെ തുറന്നുവിടും. ഇവ പെൺകൊതുകുകളുമായി ഇണചേരുമ്പോൾ പ്രജനനം നടക്കില്ലെന്നും അങ്ങനെ കൊതുകുകളുടെ എണ്ണം കുറയ്ക്കാനാവുമെന്നുമാണ് കണക്കുകൂട്ടുന്നത്. 2016 മുതൽ അർജന്റീനയിൽ കൊതുകുകളെ തുരത്താനുള്ള വിദ്യകൾ പ്രയോഗിക്കുന്നുണ്ട്

## ജോലി സമയം 12 മണിക്കൂർ: സ്റ്റാലിൻ സർക്കാർ കൊണ്ടുവന്ന ബില്ലിന് തിരിച്ചടി

ചെന്നൈ: ആഴ്ചയിൽ നാലുദിവസം ജോലി, മൂന്നു ദിവസം അവധിയെന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്റ്റാലിൻ കൊണ്ടുവന്ന ബില്ലിന് തിരിച്ചടി. ജോലിസമയം 12 മണിക്കൂർ ആയി ഉയർത്താനുള്ള നീക്കമാണ് സ്റ്റാലിൻ സർക്കാർ നടത്തിയത്. ജോലി സമയം 12 മണിക്കൂർ ആകുമ്പോൾ നാല് ദിവസം ജോലിയും മൂന്ന് ദിവസം അവധിയും എന്നതായിരുന്നു സർക്കാർ പ്രഖ്യാപനം. എന്നാൽ സ്റ്റാലിൻ സർക്കാർ പ്രതീക്ഷിച്ചതിലും വലിയ പ്രതിഷേധമാണ് ഉണ്ടായത്. മുന്നണിയിൽ നിന്നടക്കം കടുത്ത പ്രതിഷേധം ഉയർന്നു. ഇതോടെ ബില്ല് പിൻവലിക്കാൻ സർക്കാർ തീരുമാനിക്കുകയായിരുന്നു. ജോലി സമയത്തിൽ പരിഷ്കരണം നടത്തുന്നത് സംബന്ധിച്ച് കഴിഞ്ഞ ദിവസം പാസാക്കിയ ബില്ല് പ്രതിഷേധങ്ങളെത്തുടർന്ന് ഇന്നാണ് പിൻവലിച്ചു.

## കേശവാനന്ദ ഭാരതിക്കേസ് ചരിത്ര വിധിക്ക് അമ്പതുവർഷം: വെബ് പേജുമായി സുപ്രീംകോടതി



സ്വാമി കേശവാനന്ദ ഭാരതി (ഫയൽ ചിത്രം)

ന്യൂഡൽഹി: സുപ്രധാനമായ കേശവാനന്ദഭാരതിക്കേസ് വിധിയുടെ വിശദാംശങ്ങൾ അടങ്ങിയ വെബ്പേജ് ലഭ്യമാക്കി സുപ്രീം കോടതി. ഇന്ത്യൻ നീതിന്യായ ചരിത്രത്തിലെ സുപ്രധാന ഏടായ കേശവാനന്ദഭാരതിക്കേസ് വീണ്ടും ചരിത്രത്തിൽ ഇടം പിടിക്കുകയാണ്. ഭൂപരിഷ്കരണ നിയമത്തിലൂടെ തന്റെ ഭൂമി ഏറ്റെടുത്ത കേരളസർക്കാർ നടപടിക്കെതിരേ ഇടനീർ മഠാധിപതി സ്വാമി കേശവാനന്ദ ഭാരതി സുപ്രീം കോടതിയെ സമീപിച്ചു. മുതിർന്ന അഭിഭാഷകൻ നാനി പൽക്കീവാല കേശവാനന്ദഭാരതിക്കുവേണ്ടി ഹാജരായി. ഏറ്റവും കൂടുതൽ ജഡ്ജിമാരടങ്ങിയ 13 അംഗ ഭരണഘടന ബെഞ്ചാണ് കേസ് പരിഗണിച്ചത്.നിയമഗവേഷകർക്കും വിദ്യാർഥികൾക്കും അഭിഭാഷകർക്കും പാർലമെന്റിന്റെ ഭേദഗതി അധികാരത്തെ പരിമിതപ്പെടുത്തിയ കേസിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സുപ്രീം കോടതി ചരിത്രവിധിയുടെ വെബ്പേജ് ഒരുക്കിയത്. 50 വർഷങ്ങൾക്കു മുമ്പ് 1973 ഏപ്രിൽ 24ന് ഇതേ ദിവസമാണ് കേശവാനന്ദഭാരതി കേസ് വിധി പുറപ്പെടുവിച്ചത്. എല്ലാ ഗവേഷകർക്കും ലഭ്യമാകുന്ന തരത്തിൽ കേസിന്റെ വിശദവിവരങ്ങൾ അടങ്ങിയ വെബ്പേജ് ഞങ്ങൾ സമർപ്പിക്കുന്നു. ചീഫ് ജസ്റ്റിസ് ഡി. വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് പറഞ്ഞു.

## 'ജൂബിലി ഹാളിന്റെ നാമകരണം; വ്യാജ പ്രചരണങ്ങൾ തിരിച്ചറിയണം'

കോഴിക്കോട്: മുനിസിപ്പൽ കോർപറേഷൻ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കി നിർമ്മിച്ച കണ്ടംകുളത്തുള്ള ജൂബിലി ഹാളിന്റെ നാമകരണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രചരണങ്ങൾ വസ്തുതാ വിരുദ്ധവും തെറ്റിദ്ധാരണ ജനകവുമാണെന്ന് എൽ.ഡി.എഫ് കൗൺസിൽ പാർട്ടി യോഗം വിലയിരുത്തി. കണ്ടംകുളം ജൂബിലി ഹാൾ എന്ന പേര് നിലനിർത്തിക്കൊണ്ട് തന്നെയാണ് ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ജ്വലിച്ചു നിൽക്കുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ സ്മാരകം കൂടിയാക്കാൻ കോർപറേഷൻ കൗൺസിൽ തീരുമാനിച്ചത്. 2023 മാർച്ച് രണ്ടിന് ചേർന്ന കൗൺസിൽ യോഗം ഐക്യകണ്ഠേനയാണ് ഈ തീരുമാനം എടുത്തത്. പ്രസ്തുത കൗൺസിലിന് മുന്നോടിയായി 2023 ഫെബ്രുവരി 28ന് ബി.ജെ.പി പ്രതിനിധി ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് കൗൺസിൽ പാർട്ടി നേതാക്കളുടെ യോഗം ചേർന്ന് നാമകരണം ഉൾപ്പെടെയുള്ള അജണ്ടകൾ ചർച്ച ചെയ്തതുമാണ്. മതനിരപേക്ഷ രാഷ്ട്രീയത്തിന്റേയും ദേശസ്നേഹത്തിന്റേയും പ്രതീകമായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേര് ജൂബിലി ഹാളിന് നൽകിയത് കോഴിക്കോട് നഗരം അദ്ദേഹത്തിന് നൽകുന്ന ആദരവും അംഗീകാരവുമാണ്. എന്തിനേയും ഏതിനേയും മതവൽക്കരിച്ച് വിദ്വേഷവും വിഭജനവും സൃഷ്ടിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന വർഗീയവാദികളുടെ ദുഷ്പ്രചരണങ്ങളെ ജനങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയണമെന്ന് മേയർ ബീന ഫിലിപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന എൽ.ഡി.എഫ് കോർപറേഷൻ കൗൺസിൽ പാർട്ടി യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ ഡെപ്യൂട്ടി മേയർ സി.പി.മുസാഫർ അഹമ്മദ്, ഒ.പി.ഷിജിന, പി.ദിവാകരൻ, ഡോ.എസ്.ജയശ്രീ, സി.രാജൻ, കൃഷ്ണകുമാരി, പി.കെ.നാസർ, സി.രേഖ, .ഒ.സദാശിവൻ, എൻ.സി.മോയിൻകുട്ടി, എസ്.എം തുഷാര തുടങ്ങിയവർ സംസാരിച്ചു.



വടകര ആഹാർ റെസ്റ്റോറന്റിലെ പൊതു വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷന്റെ ഉദ്ഘാടന ചടങ്ങിൽനിന്ന്

# അരിക്കൊമ്പനെ പിടികൂടണമെന്ന ഹർജി വീണ്ടും തള്ളി സുപ്രീംകോടതി

ന്യൂഡൽഹി: അരിക്കൊമ്പനെ പിടികൂടണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീംകോടതി വീണ്ടും തള്ളി. നേരത്തെ സംസ്ഥാനത്തിന്റെ ഹർജി കോടതി തള്ളിയിരുന്നു. ഇപ്പോൾ സ്വകാര്യ വ്യക്തി നൽകിയ ഹർജിയാണ് തള്ളിയത്. അതേസമയം, അരിക്കൊമ്പനെ പിടിച്ച് മാറ്റേണ്ട സ്ഥലം സംബന്ധിച്ച് തീരുമാനമെടുക്കാൻ ഹൈക്കോടതി നിയോഗിച്ച വിദഗ്ധ സമിതി ഓൺലൈനായി യോഗം ചേരുകയാണ്. സ്ഥലം തീരുമാനിച്ചാൽ രഹസ്യമായി സർക്കാരിനേയും ഹൈക്കോടതിയേയും അറിയിക്കാനാണ് സാധ്യത. അതിനിടെ, ഇടുക്കിയിലെ ചിന്നക്കനാൽ 301 കോളനിയിൽ വീണ്ടും കാട്ടാന ആക്രമണം ഉണ്ടായി. കോളനിയിൽ താമസിക്കുന്ന ലീല ചന്ദ്രന്റെ വീടിന്റെ കതകും ഷെഡുമാണ് കാട്ടാന തകർത്തത്. ഇന്നലെ രാത്രിയാണ് സംഭവം നടന്നത്. ലീല മാത്രമാണ് ഇവിടെ താമസിക്കുന്നത്. കാട്ടാന ശല്യമുള്ളതിനാൽ മിക്ക ദിവസങ്ങളിലും ലീല സഹോദരിയുടെ വീട്ടിലാണ് കഴിയുന്നത്. ഇന്നലെയും ഇവർ വീട്ടിലില്ലാതിരുന്നതിനാൽ പരുക്കേൽക്കാതെ രക്ഷപെട്ടു. ഇന്നലെ വൈകുന്നേരം ഈ ഭാഗത്ത് ചക്കക്കൊമ്പൻ എന്ന് വിളിക്കുന്ന കാട്ടാനയുണ്ടായിരുന്നു. ചക്കക്കൊമ്പനാണ് ആക്രമണം നടത്തിയത് എന്നാണ് സംശയിക്കുന്നത്. അരിക്കൊമ്പൻ ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല.

## ലളിത് മോദിക്കെതിരായ കോടതിയലക്ഷ്യ നടപടികൾ അവസാനിപ്പിച്ചു



ന്യൂഡൽഹി: സമൂഹമാധ്യമങ്ങളിൽ ജുഡീഷ്യറിക്കെതിരായ പോസ്റ്റുകളിട്ട മുൻ ഐ.പി.എൽ കമ്മീഷണർ ലളിത് മോദിക്കെതിരായ കോടതിയലക്ഷ്യ നടപടികൾ അവസാനിപ്പിച്ചു. ലളിത് മോദി നിരുപാധികം മാപ്പു പറഞ്ഞതിനെ തുടർന്നാണ് നടപടികൾ അവസാനിപ്പിച്ചത്. ഇന്ത്യൻ ജുഡീഷ്യറിയുടെ അന്തസ്സിന് കോട്ടം തട്ടുന്ന തരത്തിൽ ഒന്നും ഭാവിയിൽ ചെയ്യില്ലെന്ന് മോദി സത്യവാങ്മൂലത്തിൽ ഉറപ്പു നൽകി .ജസ്റ്റിസ് എം.ആർ ഷാ, സി.ടി രവികുമാർ എന്നിവരടങ്ങിയ ബെഞ്ചാണ് ലളിത് മോദിയുടെ സത്യവാങ്മൂലം പരിശോധിച്ചത്.

## പൊതുവൈദ്യുത വാഹന ചാർജിങ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു

വടകര: കോഴിക്കോട് ജില്ലയിലെ അനെർട്ട് സ്ഥാപിച്ച കെ.ടി.ഡി.സി വടകര ആഹാർ റെസ്റ്റോറന്റിലെ പൊതു വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷന്റെ ഉദ്ഘാടനം വൈദ്യുത വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി നിർവഹിച്ചു. സർക്കാർ സ്ഥാപനങ്ങളും അനെർട്ടും ഇ.ഇ.എസ്.എൽഉം ചേർന്ന് നടപ്പിലാക്കുന്ന ഫാസ്റ്റ് ചാർജിങ്ങ് സ്റ്റേഷനുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായുള്ള ചാർജിങ്ങ് സ്റ്റേഷനാണ് വടകര കെ.ടി.ഡി.സി ആഹാർ റെസ്റ്റോറന്റിൽ യാഥാർഥ്യമാക്കിയത്. വടകര നഗരസഭ ചെയർപേഴ്സൺ കെ.പി. ബിന്ദു അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ഷൈനി കെ. എം, കെ.എസ്.ഇ.ബി.എൽ വടകര സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ ദിപിൻ ദാസ് .ഡി, വടകര കെ.ടി.ഡി.സി ആഹാർ റെസ്റ്റോറന്റ് മാനേജർ വിനോദ് കുമാർ, എന്നിവർ ആശംസകൾ നേർന്നു. കെ.ടി.ഡി.സി യുടെ ചെയർമാൻ പി.കെ ശശി സ്വാഗതവും അനെർട്ട് കോഴിക്കോട് ജില്ലാ എൻജിനീയർ അമൽചന്ദ്രൻ ഈ.ആർ നന്ദിയും പറഞ്ഞു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.